**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 496 — 12.06.2012-ൽ മറുപടിക്ക്

## വനിതാ സഹകരണ സൊസൈറ്റികൾക്കുള്ള സഹായം

**ചോദ്യം**
ശ്രീ. പുരുഷൻ കടലുണ്ടി

**മറുപടി**
ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

എ) വനിതാ സഹകരണ സൊസൈറ്റികളെ സഹായിക്കുന്നതിന് 2012-13 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം പരിപാടികളാണ് ഉള്ളത്;

എ) വനിതാ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് 2012-13 സാമ്പത്തിക വർഷത്തിൽ താഴെപറയുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(1) കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയുള്ള സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം.

(2) വനിത സഹകരണ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്നതിനായി പ്രവർത്തന മൂലധന ഗ്രാന്റായും സർക്കാർ ഓഹരി മൂലധനമായും ഉള്ള ധനസഹായം.

(3) ദുർബലമായ വനിത സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള ധന സഹായം.

ബി) ഇതിനു വേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

ബി) വനിതാ സഹകരണ സംഘങ്ങൾ ഉൾപ്പെടെ മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന വിഭാഗത്തിൽ സബ്സിഡി 550 ലക്ഷം, ഓഹരി 330 ലക്ഷം, വായ്പ 220 ലക്ഷം എന്നിങ്ങനെ ആകെ 11 കോടി രൂപ തൻ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുന്നു.

സി) സൊസൈറ്റികളെ ധനസഹായത്തിനായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ്?

സി) ഓരോ പദ്ധതിക്കും സർക്കാർ അംഗീകരിച്ച ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായാണ് സംഘങ്ങളെ തെരഞ്ഞെടുക്കുന്നത്. പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ താഴെ പറയുന്നു.

(1) സംഘം പ്രവർത്തനം അഴിമതി രഹിതമായിരിക്കണം.

(2) സംഘത്തിന് സർക്കാരിലേക്ക് യാതൊരു വിധ കുടിശ്ശികയും ഉണ്ടാകാൻ പാടില്ല.

(3) അംഗങ്ങൾക്ക് തൊഴിൽ സാദ്ധ്യതയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് ഉണ്ടായിരിക്കണം.

**സെക്ഷൻ ഓഫീസർ**